ഫയൽ നം : M1/34/2025-TC തിയതി : 07-01-2026

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,

വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

## സർക്കുലർ നം. 27/2025

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഒരോ ഓഫീസിലേയും Government E-Market (GeM) ID അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നത് - സംബന്ധിച്ച്.

പരാമർശം :- 1) 27/03/2018 തീയതിയിലെ സർക്കാർ ഉത്തരവ് GO (Ms) No. 2/2018/ SPD
2) 18/11/2025 തീയതിയിലെ അനൗദ്യോഗിക കുറിപ്പ് നം. MIT4/83/2025-TC

27/03/2018 ലെ GO(Ms) No. 2/2018/SPD പ്രകാരം, സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനായി GeM ഒരു സംഭരണ രീതിയായി കേരള സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ വിവിധ ഓഫീസുകളിലെ പർച്ചേസുകൾ ജെം പോർട്ടൽ വഴി നടത്തുന്നതിനായി ആർ ടി ഓഫീസുകളിലെ ആർ ടി ഓ/ജോയിന്റ് ആർ ടി ഓ മാരുടെ GeM ID പ്രസ്തുത ഓഫീസർമാർ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/മറ്റുകാരണങ്ങൾ എന്നിവ മൂലം മാറുന്നതനുസരിച്ച് മാറ്റേണ്ടതാണ്. നിലവിൽ പല ഓഫീസുകളിലും ആയത് കൃത്യമായി ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാൽ GeM ID സമയബന്ധിതമായി മാറ്റുന്നത് സംബന്ധിച്ച് നിർദേശങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നു.

1. ആർ ടി ഓ/ജോയിന്റ് ആർ ടി ഓ മാർ ചുമതല ഒഴിയുന്ന മുറക്ക് GeM ID ക്യാൻസൽ ചെയ്യുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്ക് അടിയന്തിരമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. പ്രസ്തുത GeM ID ക്യാൻസൽ ചെയ്ത വിവരം ബന്ധപ്പെട്ട ഓഫീസിലേക്ക് അറിയിക്കുന്നതായിരിക്കും.

3. പുതുതായി ചുമതലയേറ്റ ഉദ്യോഗസ്ഥന്റെ പേരിലേക്ക് GeM ID മാറ്റുന്നതിനായി ഉദ്യോഗസ്ഥൻ ചുമതലയേറ്റ് 2 ദിവസത്തിനകം ഉദ്യോഗസ്ഥന്റെ പേര്, ഒഫീഷ്യൽ മെയിൽ ID , PEN നമ്പർ എന്നിവ ഉൾപ്പെടെ അടിയന്തിരമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. പ്രസ്തുത അപേക്ഷ പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും GeM ID ആക്ടിവേറ്റ് ചെയ്തു കഴിഞ്ഞാൽ ഉടൻ തന്നെ ബന്ധപ്പെട്ട ആർ ടി ഓ/ജോയിന്റ് ആർ ടി ഓ മാരുടെ ഔദ്യോഗിക ഇ മെയിലിൽ ലോഗിൻ ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (24 മണിക്കൂറിനുള്ളിൽ).

5. പുതുതായി ചുമതലയേറ്റ ഉദ്യോഗസ്ഥന്റെ പേരിലേക്ക് GeM ID മാറ്റിയതിന് ശേഷം പ്രസ്തുത വിവരം ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്ക് അറിയിക്കേണ്ടതാണ്

വിശ്വസ്തതയോടെ
NAGARAJU CHAKILAM IPS
TRANSPORT COMMISSIONER
KERALA

Approved for Issue
Assistant Transport Commissioner

Signed by
Joyi V
Date: 07-01-2026 14:09:01

JOYI V
ASSISTANT TRANSPORT COMMISSIONER

സ്വീകർത്താവ് :- എല്ലാ ആർ ടി ഓ /ജോയിന്റ് ആർ ടി ഓമാരും

പകർപ്പ് : - 1. ട്രാൻസ്പോർട്ട് കമ്മിഷണർ/ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ് )/ സീനിയർ ഡി ടി സി (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2. നോഡൽ ഓഫീസർ (വെബ്സൈറ്റ്) / എസ് എസ് ജി സെൽ / എം ഐ ടി 2 സെക്ഷനിൽ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധീകരിക്കുന്നതിനായി)